തൊഴിൽ സാദ്ധ്യത കുറഞ്ഞ 10 ട്രേഡുകളിലെ യൂണിറ്റുകൾ നിർത്തലാക്കി പകരം 13 ആധുനിക ട്രേഡുകൾ ആഗസ്റ്റ് 2004 മുതൽ ആരംഭിക്കുന്നതിന് അനുമതി നൽകി. കൂടാതെ ആഗസ്റ്റ് 2005 മുതൽ 13 ഐ.ടി.ഐ.കളിലെ 25 യൂണിറ്റുകൾ നിർത്തലാക്കി പകരം ഏറ്റവും പുതിയതും തൊഴിൽ സാധ്യതയുള്ള തുമായ 25 യൂണിറ്റുകൾ തുടങ്ങുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. അതുപോലെ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്, തൈക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ഇപ്പോഴത്തെ കോഴ്സുകളുടെ നവീകരണം സംബന്ധിച്ച്, മൊത്തത്തിൽ വിശദ പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തുകയും, അതനുസരിച്ച് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഡി) ചടയമംഗലം നിയോജകമണ്ഡലത്തിൽ ഇളമാട് പഞ്ചായത്തിൽ പുതിയ ഐ.റ്റി.ഐ. തുടങ്ങുന്നത് സംബന്ധിച്ച് സമർപ്പിച്ച സാധ്യതാ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ് പുതിയ ഐ.റ്റി.ഐ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, യന്ത്രോപകരണങ്ങൾ, തസ്തികകൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന ട്രേഡുകൾ എന്നിവയ്ക്കുവേണ്ടി വരുന്ന ചെലവ് തുടങ്ങിയവ വ്യക്തമാക്കി ഒരു വിശദമായ നിർദ്ദേശം തയ്യാറാക്കാൻ കൊല്ലം ഐ.റ്റി.ഐ. പ്രിൻസിപ്പൽ, കൊല്ലം ആർ.ഐ. സെന്റർ ട്രെയിനിംഗ് ആഫീസർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. അത് ലഭിച്ചാലുടൻ പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ചാത്തന്നൂർ ഗവൺമെന്റ് ഐ.റ്റി.ഐ.-ക്ക് ഭൂമി

32 [1351] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ ഗവൺമെന്റ് ഐ.റ്റി.ഐ.-ക്ക് ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് ഇതുവരെ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചാത്തന്നൂർ ഗവൺമെന്റ് ഐ.റ്റി.ഐ.-ക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടി ക്രമങ്ങളെല്ലാം കൊല്ലം ജില്ലാ കളക്ടർ പൂർത്തിയാക്കി ബന്ധപ്പെട്ട റിക്കാർഡുകൾ മേൽ നടപടികൾക്കായി ലാന്റ് റവന്യൂ കമ്മീഷണർക്ക് അയച്ചു കൊടുത്തിരുന്നത് സർക്കാരിൽ ലഭിക്കുകയുണ്ടായി. ഐ.റ്റി.ഐ.-ക്ക് വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വിവിധ വകുപ്പുകളുടെ അധീനതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly